# പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5513**

**(02.11.2016 ലെ മറുപടിക്ക്)**

**ട്രഷറികൾക്ക് സ്വന്തമായി കെട്ടിടം**

| | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ്** | **ഡോ. തോമസ് ഐസക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ ട്രഷറികളെല്ലാം സ്വന്തം കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; | സംസ്ഥാനത്തെ ട്രഷറികളെല്ലാം സ്വന്തം കെട്ടിടത്തിലല്ല പ്രവർത്തിക്കുന്നത് |
| (ബി) | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ട്രഷറികൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ;<br>ഉണ്ടെങ്കിൽ നടപ്പ് സാമ്പത്തികവർഷം ഇതിലേക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം 15 കോടി രൂപ ട്രഷറി അടിസ്ഥാന സൗകര്യ വികസനത്തിനായി വകയിരുത്തിയിട്ടുണ്ട്. |
| (സി) | സൗജന്യമായി സ്ഥലം ലഭ്യമാക്കിയിട്ടുള്ള സ്ഥലങ്ങളിൽ അടിയന്തരമായി ട്രഷറി കെട്ടിടം നിർമ്മിക്കുവാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | വിശദമായ പ്ലാനും എസ്റ്റിമേറ്റും ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**